

വയസ്സ്
ജനന തീയതി
പേര്
വിലാസം

രക്ഷകർത്താവിന്റെ ഒപ്പ്:

കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ

# ബൈബിൾ ടൈം

വായന ഭാഗം
ലൂക്കോസ് 15: 1-7

യൂണിറ്റ്-3
ലൂക്കോസ് സുവിശേഷം

LEVEL - 1
5 മുതൽ 7 വയസ്സുവരെ

## പാഠം 1: കാണാതെ പോയ ആട്

### *യേശു നല്ല ഇടയൻ*

**ഒരിക്കൽ യേശു ആട്ടിടയന്റെയും കാണാതെപോയ ആടിന്റേയും കഥ പറഞ്ഞു.**

ആട്ടിടയന് 100 ആടുകളുണ്ടായിരുന്നു. ഒരു ദിവസം തന്റെ കൈവശം 99 ആടുകളേ ഉള്ളു എന്ന് അദ്ദേഹം കണ്ടെത്തി. തന്റെ ഒരാടിനെ കാണ്മാനില്ല.

അവൻ 99 നെയും മരുഭൂമിയിൽ വിട്ടേച്ച് കാണാതെ പോയതിനെ അന്വേഷിച്ച് പോയി.

വളരെ നേരം അദ്ദേഹം ആടിനെ അന്വേഷിച്ച് അവസാനം കണ്ടെത്തി. കണ്ടെത്തിയപ്പോൾ അതിനെ ചുമലിൽ എടുത്ത് വീട്ടിലേക്ക് വന്നു. ആടിനെ കണ്ടുകിട്ടിയതിൽ അവൻ സന്തോഷിച്ചു. തന്റെ സ്നേഹിതന്മാരോടൊപ്പം സന്തോഷം പങ്കുവച്ചു.



*ചിത്രത്തിന് നിറംകൊടുക്കുക*

ഈ കഥയിലെ കാണാതെപോയ ആട് നാം ഓരോരുത്തരെപോലെയാണ്. ഇടയൻ യേശുവിനെപോലെയും. നാം തെറ്റായ കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവത്തിൽ നിന്നും അകന്നു പോവുകയാണ്. കഥയിലെ ഇടയനെപോലെ യേശു നമ്മെ അന്വേഷിക്കയും, നാം അവന്റെ പിന്നാലെ പോകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് യേശുവിൽ നാം ആശ്രയിക്കുന്നു എങ്കിൽ യേശു നമ്മുടെ നല്ല ഇടയനായിരിക്കും.

**ചോദ്യം:** വിട്ടുപോയ അക്ഷരങ്ങൾ കണ്ടെത്തി വാചകം പൂർത്തിയാക്കുക.

നാം എല്ലാവരും കാ __________പോയ ആ ___ പോലെയാണ്.

യേശു നമ്മുടെ ന____ ഇ____ ____ൻ

[ ] /10

GOSPEL FOR CHILDREN

# പാഠം 2 : നഷ്ടപ്പെട്ടുപോയ മകൻ



വായന ഭാഗം
ലൂക്കോസ് 15 :11-24

***ഒരു പിതാവ് മകനോട് ക്ഷമിക്കുന്നു.***

രണ്ട് പുത്രന്മാരുള്ള ഒരു മനുഷ്യന്റെ കഥ യേശു പറഞ്ഞു.



***ചിത്രത്തിന് നിറംകൊടുക്കുക***

പിതാവിന്റെ സമ്പത്തിൽ നിന്നും തന്റെ പങ്ക് ഇളയ മകൻ ആവശ്യപ്പെട്ടു. തന്റെ സമ്പത്തിന്റെ പങ്ക് ലഭിച്ചുകഴിഞ്ഞപ്പോൾ ഇളയമകൻ ദൂരെ ദേശത്തേക്ക് യാത്രയായി. ആ ദേശത്തു വെച്ച് പണമെല്ലാം അവൻ വെറുതെ ചെലവാക്കിക്കളഞ്ഞു.

പണമെല്ലാം തീർന്നപ്പോൾ അവൻ ഒരു ജോലി അന്വേഷിച്ചു. അവന് ലഭിച്ചത് പന്നികളെ തീറ്റുന്ന ജോലിയാണ്. പന്നികൾ കഴിക്കുന്ന ആഹാരം കഴിക്കുവാൻ ആഗ്രഹിക്കത്തക്കവണ്ണം അവൻ വിശപ്പുകൊണ്ട് വലഞ്ഞു.

തന്റെ സ്വന്തഭവനത്തിൽ ഉണ്ടായിരുന്ന എല്ലാ നല്ല കാര്യങ്ങളെക്കുറിച്ചും ഈ മകൻ ചിന്തിക്കുവാൻ തുടങ്ങി. ഭവനത്തിലേക്ക് മടങ്ങിപോയി, ഒരു വേലക്കാരന്റെ എങ്കിലും ജോലി ആവശ്യപ്പെടുവാൻ അവൻ തീരുമാനിച്ചു.

തന്റെ ഇളയ മകൻ തിരികെ വരുന്നതു കണ്ട പിതാവ് വളരെ സന്തോഷിച്ചു. മകന്റെ അടുക്കലേക്ക് ഓടിച്ചെന്ന് പിതാവ് അവനെ കെട്ടിപ്പിടിച്ച് ഉമ്മവെച്ചു.

വീട് വിട്ടുപോയ കാര്യത്തിൽ പിതാവ് അവനോട് ക്ഷമിക്കുകയും വീട്ടിലേക്ക് അവനെ സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം അവന് പുതിയ മേലങ്കിയും, മോതിരവും, ചെരിപ്പും നൽകി. അന്ന് രാത്രിയിൽ ഒരു വലിയ വിരുന്നും ഒരുക്കി.

ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്നതിന്റെ ഒരു ചിത്രീകരണമാണ് ഈ കഥ. നാം പാപം ചെയ്യുമ്പോൾ നമ്മുടെ പിതാവായ ദൈവത്തെ നാം ദുഃഖിപ്പിക്കുകയാണ്. എന്നാൽ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് നാം അനുതപിക്കുന്നുവെങ്കിൽ ദൈവം നമ്മോട് ക്ഷമിച്ച് തന്റെ ഭവനത്തിലേക്ക് നമ്മെ സ്വീകരിക്കും.

***തന്റെ മകൻ തിരികെ വരുന്നതുകണ്ട പിതാവിന്റെ മുഖഭാവം നിങ്ങൾക്ക് വരയ്ക്കാമോ***

**ചോദ്യം:** നാം തെറ്റുകളെ ഓർത്ത് അനുതപിക്കുമ്പോൾ ദൈവം എന്തുചെയ്യും?

ദൈവം നമ്മുടെ തെറ്റുകളെ——————————————————

☐/2

# പാഠം 3 : ഇരുണ്ട ദിനം



വായന ഭാഗം
ലൂക്കോസ് 23 :13-26
32-46

***യേശു നമുക്കായി മരിക്കുന്നു.***

യേശു ഭൂമിയിൽ ജീവിച്ചിരുന്ന സന്ദർഭത്തിൽ അനേകം ആളുകൾ അവനെ പിന്തുടരുകയും അവൻ പഠിപ്പിച്ചതായ കാര്യങ്ങൾ കേൾക്കുകയും ചെയ്തു. എങ്കിലും അവരിൽ ചിലർക്ക് അവന്റെ പഠിപ്പിക്കലുകൾ ഇഷ്ടപ്പെട്ടില്ല. അവർ അവനെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുവാൻ ശ്രമിച്ചു.

ഈ ജനം യേശുവിനെ പിടിച്ച് അന്നത്തെ ഭരണാധികാരിയായിരുന്ന പീലാത്തോസിന്റെ മുമ്പാകെ കൊണ്ടുവന്നു. യേശുവിനെ ക്രൂശിക്കണമെന്ന് അവർ പീലാത്തോസിനോട് അപേക്ഷിച്ചു.

യേശുവിനെ കുരിശിൽ തറക്കുവാൻ പീലാത്തോസ് അനുവദിച്ചു. കുരിശിൽ തൂങ്ങികിടക്കുന്ന സന്ദർഭത്തിൽ യേശു തന്നെ ക്രൂശിച്ചവരോട് 'ക്ഷമിക്കണമേ' എന്ന് ദൈവത്തോട് അപേക്ഷിച്ചു. അതിനു ശേഷം ലോകം മുഴുവനും വലിയോരു ഇരുട്ടുണ്ടാകുകയും യേശു മരിക്കുകയും ചെയ്തു.

യേശുവിനെ സ്നേഹിച്ച ജനങ്ങൾക്ക് ഇതൊരു ദുഃഖ ദിനമായിരുന്നു. എന്നാൽ യേശു കുരിശിൽ മരിക്കുവാൻ ഇടയായത് അവൻ നമ്മെ സ്നേഹിക്കുന്നതുകൊണ്ടാണ്. നമ്മുടെ ഓരോരുത്തരുടേയും പാപത്തിന് വേണ്ടിയാണ് യേശു മരിച്ചത്. യേശു മരിച്ചതുകൊണ്ട് നാം ചെയ്തുപോയ തെറ്റുകൾ നമ്മോട് മോചിക്കുവാൻ അവന് സാധിക്കും.



***ചിത്രത്തിന് നിറംകൊടുക്കുക***

**ചോദ്യം:**

1. യേശു എവിടെയാണ് മരിച്ചത് ? കു________________

2. എന്തുകൊണ്ടാണ് അവൻ മരിക്കുവാൻ ഇടയായത് ?

   യേശു നമ്മെ ഓരോരുത്തരെയും സ്നേ__________________________ ണ്ട്.

☐/**10**

# പാഠം 4: പ്രകാശപൂർണ്ണമായ ദിവസം



വായന ഭാഗം
ലൂക്കോസ് 23 :55-56
24 : 1-12

***യേശു ഉയിർത്തെഴുന്നേൽക്കുന്നു.***

യേശു മരിച്ചതിനാൽ അവനെ സ്നേഹിച്ചവരെല്ലാം അതിയായ ദുഃഖത്തിലായിരുന്നു. യേശുവിനെ അനുഗമിച്ച സ്ത്രീകളിൽ ചിലർ അവന്റെ ശരീരത്തിൽ പുരട്ടുവാനായി സുഗന്ധലേപനം ഒരുക്കിയിരുന്നു. യേശുവിനെ അടക്കിയിരുന്ന കല്ലറയ്ക്കൽ ഞായറാഴ്ച രാവിലെ അവർ ചെന്നു. അവർ കല്ലറയ്ക്കൽ എത്തിയപ്പോൾ അത് ശൂന്യമായിരുന്നു. യേശുവിന്റെ ശരീരം അവർ അവിടെ കണ്ടില്ല.

**ചോദ്യം:**

സ്ത്രീകൾ കല്ലറവാതിൽക്കൽ എത്തിയപ്പോൾ കണ്ടതെന്താണ്?

ശൂ...............................ക..............................

അതിന് ശേഷം സ്ത്രീകളുടെ മുമ്പിൽ രണ്ട് ദൂതന്മാർ പ്രത്യക്ഷമായി. അവർ അവരോട് നിങ്ങൾ ദുഃഖിക്കേണ്ട കാരണം യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന് പറഞ്ഞു.



***ചിത്രത്തിന് നിറം കൊടുക്കുക***

***യേശുവിനെപ്പറ്റി ദൂതന്മാർ പറഞ്ഞതായി താഴെപ്പറഞ്ഞിരിക്കുന്ന വാക്കുകൾക്ക് നിറം കൊടുക്കുക.***

## അവൻ ഇവിടെ ഇല്ല
## ഉയിർത്തെഴുന്നേറ്റിരിക്കുന്നു

**ലൂക്കോസ് 24 : 6**

തങ്ങൾ കണ്ടതായ കാര്യം സ്ത്രീകൾ പോയി ശിഷ്യന്മാരെ അറിയിച്ചു. എന്നാൽ ശിഷ്യന്മാർക്ക് അത് വിശ്വസിക്കുവാൻ സാധിച്ചില്ല. യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവനായിരുന്ന പത്രോസ് കല്ലറ വാതിൽക്കലേക്ക് ഓടി. കല്ലറയുടെ വാതിൽ തുറന്നിരിക്കുന്നതും യേശുവിന്റെ ശരീരം ചുറ്റിയിരുന്ന തുണി അവിടെ ചുരുട്ടി വെച്ചിരിക്കുന്നതും കണ്ടു. പത്രോസ് അത്ഭുതപ്പെട്ടു. ആ ദിവസം പിന്നീട് യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. അതിന് ശേഷം യേശു ഉയിർത്തെഴുന്നേറ്റു എന്ന കാര്യം അവർക്ക് ഉറപ്പായി.

യേശു മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിനാൽ അത് വളരെ സന്തോഷകരമായ ഒരു ദിനമായിരുന്നു. യേശു ഇന്നും ജീവിക്കുന്നു.

☐ /10

***അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:***

LEVEL - 1
5 മുതൽ 7വയസ്സുവരെ

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA

For Private Circulation Only